# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 09, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 12 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്ന് 4 പേർക്ക് വീതവും, മലപ്പുറം ജില്ലയിൽ നിന്ന് 2 പേരും, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നും ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 13 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിന്നും 6 പേരുടേയും (2 പേർ കണ്ണൂർ ജില്ല, 1 വിദേശി ഉൾപ്പെടെ), കണ്ണൂർ ജില്ലയിൽ നിന്നും 3 പേരുടേയും, ഇടുക്കി, മലപ്പുറം ജില്ലകളിൽ നിന്നും 2 പേരുടെവീതവും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 258 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 212 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 136195 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 135472 പേർ വീടുകളിലും 723 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 12710 സാമ്പിളുകൾ പരിശോധിച്ചതിൽ 11469 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 13,95,136 കേസുകളും, 81,580 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 5734 കേസ്സുകളും, 166 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 540 പുതിയ കേസ്സുകളും, 17 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ സജ്ജമായ കോവിഡ് ആശുപത്രിയെക്കുറിച്ചുള്ള വിവരണവും നടത്തി. ഇപ്പോഴത്തെ ടെസ്റ്റിംഗിനെക്കുറിച്ചുള്ള വിവരണവും, മെഡിക്കൽ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണവും നടത്തി. കേരളത്തിൽ രോഗം സ്ഥിരീകരിച്ചവരുടെ വയസ് തിരിച്ചുള്ള കണക്കിൽ 60 വയസ്സിന് മുകളിൽ 7.5 ശതമാനവും, 20 വയസ്സിൽ താഴെയുള്ളവർ 6.9 ശതമാനവും, ഇരുപതിനും, അറുപതിനും ഇടയ്ക്കുള്ളവർ 82 ശതമാനവും ആണ്. കേരളത്തിൽ സ്ഥിരീകരിച്ച 345 രോഗികളിൽ 256 പേർ (74.2%) പുറത്തുനിന്ന് വന്നവരും, 89 പേർ ( 25.8%) സമ്പർക്കം മൂലവും രോഗം ബാധിച്ചവരാണ്.

## ചീഫ് സെക്രട്ടറി

മരുന്നുകളുടെയും, ഭക്ഷ്യസാധനങ്ങളുടേയും സ്റ്റോക്ക് നിരീക്ഷിക്കുന്നുണ്ട്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2457 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 500-ഓളം വാഹനങ്ങൾ അധികമായി വന്നിട്ടുണ്ട്. 70 ചരക്ക് വാഹനങ്ങളിൽ ഉള്ളി എത്തിയിട്ടുണ്ട്. എൻ എ എഫ് ഇ ഡി പയറുവർഗ്ഗങ്ങൾ നിറച്ച ട്രെയിൻ ഇന്ന് വൈകിട്ടോടെ എത്തുമെന്നാണ് അറിവായിട്ടുള്ളത്. ആന്റീബോഡി ടെസ്റ്റ് കിറ്റുകൾ നാളെയോടെ പുറപ്പെടുമെന്നാണ് അറിവായിട്ടുള്ളത്. ഇതുമായി സംബന്ധിച്ച് സഹായം വേണമെന്ന് വിദേശകാര്യ മന്ത്രി യുമായി സംസാരിച്ചിരുന്നു. അദ്ദേഹം എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. സ്വകാര്യ ലാബുകളുടെ ടെസ്റ്റിങ്ങുമായി ബന്ധപ്പെട്ട ഉത്തരവ് ഇറക്കാമെന്ന് ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മാലിന്യം നീക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്ലീൻകേരള കമ്പനിയെ നിയോഗിക്കാം എന്നാണ് തീരുമാ നിച്ചിട്ടുള്ളത്. ഗാർഹിക പീഡനങ്ങളുമായി ബന്ധപ്പെട്ട് സഹായം തേടുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്. നിസ്സാമുദ്ദീനിൽ നിന്നും തിരികെ വന്ന 231 പേരെ കണ്ടെത്തിയതിൽ 171 പേരുടെ സാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 17 പേരുടെ സാമ്പി ളുകളാണ് പോസിറ്റീവ് ആയിട്ടുള്ളത്. 123 പേരുടെ പരിശോധനാ ഫലം ഇന്ന് നെഗറ്റീവ് ആണ്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

5376 ടൺ ഗോതമ്പ് ട്രെയിൻ മാർഗ്ഗം എഫ് സി ഐ ഗോഡൗണിൽ നിന്നും പുറപ്പെട്ടിട്ടു ണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

മാസ്കുകൾ മൂലമുള്ള മാലിന്യങ്ങൾ അധികമായി വരുന്നതായി ബഹു. മുഖ്യമന്ത്രി ഇന്നലെ പത്ര സമ്മേളനത്തിൽ സംസാരിച്ചിരുന്നു. മാസ്കുകളുമായി ബന്ധപ്പെട്ട് സാർവ്വ ദേശീയമായി ഒരു മാനദണ്ഡം നിലനിൽക്കുന്നുണ്ട്. ഇതിൽ വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന തുണികൊണ്ടുള്ള മാസ്കുകൾ വേണം പൊതുജനങ്ങൾ ഉപയോഗിക്കാൻ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എൻ 95 മാസ്കുകൾ കോവിഡ് രോഗികളെ ചികിത്സിക്കുന്ന ആരോഗ്യ പ്രവർത്തകരും 3 ലെയർ ഉള്ള മാസ്കുകൾ മറ്റ് ആരോഗ്യ പ്രവർത്തകരും, രോഗികളുമായി അടുത്തിടപഴകുന്നവരും ഉപയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ രണ്ട് മാസ്കുകളും ഒരു തവണ ഉപയോഗിച്ചതിന് ശേഷം അവർ പറയുന്ന മാനദ ണ്ഡങ്ങളനുസരിച്ച് നശിപ്പിച്ച് കളയേണ്ടതാണ്. എന്നാൽ കഴിഞ്ഞ ദിവസം തിരുവനന്ത പുരത്തെ ഒരു മാസ്ക് വിൽക്കുന്ന കേന്ദ്രത്തിൽ നിന്ന് മാസ്ക് വാങ്ങിയത് വഴി അറിയു വാൻ സാധിച്ചതെന്തെന്നാൽ, ഈ മാസ്കുകൾ ശസ്ത്രക്രീയ-മാസ്കുകൾ നിർമ്മിക്കുന്ന വസ്തുക്കൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്ന്. കൂടാതെ ഏറ്റവും അപകടകരമായി കണ്ട കാര്യം ഈ മാസ്കുകൾ 3 ദിവസത്തേക്ക് ഉപയോഗിക്കാം എന്നുള്ള തെറ്റായ

വിവരം വില്പന കേന്ദ്രത്തിൽ നിന്നും പൊതുജനങ്ങളെ അറിയിക്കുന്നു എന്നതാണ്. ഇങ്ങനെ ഒരു മാർഗ്ഗ നിർദ്ദേശം എവിടേയും പരാമർശിച്ചിട്ടില്ല. ഇങ്ങനെ തുടർച്ചയായി ഒരു മാസ്കുകളും ഉപയോഗിക്കാൻ പാടുള്ളതല്ല. അതിനാൽ ബഹു. മുഖ്യമന്ത്രി പൊതു ജനങ്ങളുപയോഗിക്കേണ്ടത് തുണികൊണ്ടുള്ള വീണ്ടും ഉപയോഗിക്കാൻ സാധിക്കുന്ന മാസ്കുകൾ ആയിരിക്കണം എന്നും ഇവ ഒരു ദിവസത്തെ ഉപയോഗത്തിന് ശേഷം കഴുകി വീണ്ടും ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് തരത്തിലുള്ള മാസ്കുകൾ നിർമ്മിക്കാനും വിൽക്കാനും പാടുള്ളതല്ല എന്ന കർശന മായ നിർദ്ദേശവും നൽകണം. പി ആർ ഡി വഴി ഇത് സംബന്ധിച്ച പരസ്യങ്ങൾ കൊടുക്കുന്നത് നന്നായിരിക്കും. കേരളത്തിലെ കെ എസ് ഡി പി എൽ എന്ന പൊതുമേ ഖല ഔഷധ കമ്പനി ഇന്ത്യയിലെ തന്നെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു ഔഷധ കമ്പനിയാണ്. ഇപ്പഴത്തെ സാഹചര്യത്തിൽ ഹൈഡ്രോക്സി ക്ലോറോക്വിൻ കെ എസ് ഡി പി എൽ ൽ നിർമ്മിക്കാൻ സാധിക്കുമോ എന്ന ഒരു അന്വേഷണം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ കേരളത്തിൽ ആവശ്യമായ സ്റ്റോക്ക് കെ എം എസ് സി എൽ ൽ ഉ ണ്ട്. എന്നാലും ഇന്ത്യയിൽ ബാക്കി സംസ്ഥാനങ്ങളിൽ കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഈ മരുന്ന് ഉൽപാദിപ്പിക്കാൻ സാധിച്ചാൽ ബാക്കി സംസ്ഥാന ങ്ങൾക്ക് അതൊരു ഗുണമാകും. ഇതിന് ലൈസൻസ് ആവശ്യമാണ്. ഇത് ഡ്രഗ്സ് കൺട്രോളർ വഴി നേടിയെടുക്കാവുന്നതാണ്. കൂടാതെ അസംസ്കൃത വസ്തു ലഭ്യമാ ക്കേണ്ടതാണ്. ഈ അസംസ്കൃത വസ്തു സൈഡസ് എന്ന കമ്പനിയിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത്. ഇത് ലഭ്യമാക്കുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. കൂടാതെ കോവിഡ് ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട് എന്തെല്ലാം വസ്തുക്കൾ നിർമ്മിക്കാൻ സാധിക്കും എന്ന് പരിശോധിക്കണം എന്ന് വ്യവസായ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും അറിയിച്ചിരുന്നു. ഇത് ഇന്ന് വൈകിട്ട് വിദഗ്ദ്ധ സമിതി ചർച്ച ചെയ്യുന്നതാണ്. ഇതിനായി മൂന്ന് കാര്യങ്ങൾ പരിശോധിക്കേണ്ടിവരും. ലൈസൻസ്, പേറ്റൻസി, അസം സ്കൃത വസ്തു. ഇത് മൂന്നും ഇന്ന് പരിശോധിക്കുന്നതാണ്. കോൺവാലസെന്റ് സിറം പരിശോധിക്കുന്നതിനുള്ള അംഗീകാരം ഐ സി എം ആർ നൽകി എന്നതിനെ കുറിച്ച് ഒരുപാട് മാധ്യമ ചർച്ചകൾ നടന്നിരുന്നു. ഇതിന്റെ സാധ്യതകളും പരിമിതികളും അറിയേ ണ്ടത് ആവശ്യമാണ്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് രോഗം വന്ന് ഭേദമായ ആളുകളുടെ സിറം ചികിത്സയ്ക്കായി ഉപയോഗിക്കാം എന്നതാണ്. അസുഖം ഭേദമായവരുടെ സീറ ത്തിൽ ആന്റീബോഡി കാണും. ഇത് വേർതിരിച്ചെടുത്ത് രോഗം ഉള്ളവർക്ക് കൊടു ക്കുന്ന ചികിത്സാ രീതിയാണ് ഇത്. ഇതിന് ബ്ലഡ് ഗ്രൂപ്പ് നോക്കിയിട്ടാണ് കൊടുക്കേണ്ടത്. കൂടാതെ ആന്റീബോഡിയുടെ നില, ഒരു പ്രത്യേക തലത്തിൽ ഉയർന്നെങ്കിൽ മാത്രമേ സീറം കൊടുക്കാൻ സാധിക്കൂ. ഇങ്ങനെ ചില പരിമിതികളും ഇതിനുണ്ട്.

## സ്റ്റേറ്റ് പോലീസ് ചീഫ്

146 കേസുകൾ വ്യാജ വാർത്തകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരുന്നുകൾ വിദേശത്തേക്ക് അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് കോളുകൾ വരുന്നുണ്ട്. എന്നാൽ കാർഗോ വിമാനങ്ങളിൽ ഇത് കൊടുത്ത് അയയ്ക്കണമെങ്കിൽ നോർക്കയുടെ സർട്ടിഫി ക്കറ്റ് വേണം. നോർക്ക സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഒരു ഹെൽപ് ഡെസ്ക് തുടങ്ങു ന്നത് ഗുണകരമായിരിക്കും.

## ഫയർ ആൻ്റ് റെസ്ക്യൂ

4596 പേർ രക്തംദാനം ചെയ്യുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. ജില്ലകളിൽ അവരുടെ പട്ടിക ലഭ്യമാണ്. ജില്ലാ ഫയർ ഓഫീസറുമായി ബന്ധപ്പെട്ട് ഇവരുടെ സഹായം ലഭിക്കുന്നതാണ്. അല്ലെങ്കിൽ സംസ്ഥാന വാർ റൂമിൽ ഇത് ലഭ്യമാണ്. 1023 പേർക്ക് മരുന്ന് വീടുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്.

## ഭക്ഷ്യ സിവിൽ സപ്ലൈസ്

ഇന്ന് മാത്രമായി വൈകിട്ട് 4 മണി വരെ 2.32 ലക്ഷം ആളുകൾ സൗജന്യ റേഷൻ വാങ്ങിയിട്ടുണ്ട്. മൊത്തം വിതരണം 92.1 ശതമാനമാണ്. ലീഗൽ മെട്രോളജി 407 പരിശോധനകൾ നടത്തിയിട്ടുണ്ട്. ഇതിൽ 28 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് 870 പരിശോധന നടത്തിയിട്ടുണ്ട്. 176 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ആദിവാസി മേഖലകളിൽ ഭക്ഷ്യധാന്യമടങ്ങിയ കിറ്റുകൾ നൽകാൻ തുടങ്ങി. ഇന്ന് 33471 പേർക്ക് കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. മട്ട അരി, റോസ് അരി, ചെറുപയർ, ചെറിയ ഉള്ളി, ബീറ്റ്റൂട്ട്, കടല എന്നിവയ്ക്ക് വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്യൂണിറ്റി കിച്ചണുകളിലേക്ക് 133.55 മെട്രിക് ടൺ അരി നൽകിയിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് 272.04 മെട്രിക് ടൺ അരിയും 98008 കിലോഗ്രാം ആട്ടയും നൽകിയിട്ടുണ്ട്.

പി സി ആർ കിറ്റുകളുടെ അവസ്ഥയെകുറിച്ച് മുഖ്യ മന്ത്രി ചോദിച്ചതിന് മറുപടിയായി ഐ സി എം ആർ 20000 കിറ്റുകൾ നൽകിയിട്ടുണ്ടെന്നും എന്നാൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ കുറവാണെന്നും ഇതിനായി ജർമ്മൻ കമ്പനിക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. കൂടാതെ സ്റ്റോക്ക് കുറവായതിനാൽ ജർമ്മൻ കമ്പനിക്ക് പുറമേ വേറെ കമ്പനികൾക്കും ഓർഡർ നൽകിയിട്ടുണ്ട്. പൂനയിലുള്ള കമ്പനിക്കും ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ മഹാരാഷ്ട്രയിൽ കേസുകൾ വർദ്ധിച്ച് വരുന്നതിനാൽ പൂനയിൽ നിന്ന് ഓർഡർ നൽകിയതിന്റെ 10 ശതമാനം മാത്രമേ നൽകിയിട്ടുള്ളൂ.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

പി സി ആർ കിറ്റ് ആവശ്യത്തിന് ലഭ്യമാണ്. എന്നാൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റ് സ്റ്റോക്ക് കുറവാണ്. ഇതിനായി ദുബായിൽനിന്ന് ഡോ ഷംസീറുമായി സംസാരിച്ചിരുന്നു. അവിടെ സ്റ്റോക്ക് ഉണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. നമ്മുടെ കൈവശമുള്ള പി സി ആർ മെഷീനുകളുടെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കിറ്റുകൾ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത് 100 ദിവസം അടുക്കാറായ ഈ സാഹചര്യത്തിൽ സമൂഹത്തിൽ കുറച്ച് ആശ്വാസം ഉള്ളതായി കാണുന്നു. എന്നാൽ ലോക്ക് ഡൗൺ ലംഘിക്കാൻ പ്രചോദനം നൽകുന്ന തരത്തിലുള്ള ആഘോഷ ദിവസങ്ങളാണ് വരുന്നത്. ആളുകൾക്ക് ആവശ്യമായ സാധനങ്ങൾ

വാങ്ങാൻ അവസരം നൽകുന്നതോടൊപ്പം സാമൂഹിക അകലം പാലിക്കുന്നതിൽ കർശനമായ നിലപാട് നാം സ്വീകരിക്കേണ്ടി വരും. തിരക്ക് നിയന്ത്രിക്കുന്നതിന് പോലീസിനോടൊപ്പം വ്യാപാര സ്ഥാപനങ്ങൾ നിയോഗിക്കുന്ന ആൾക്കാരെയും, സന്നദ്ധ പ്രവർത്തകരെയും നിയോഗിക്കണം. **(ചുമതല – ആഭ്യന്തര- തദ്ദേശ സ്വയം ഭരണ വകുപ്പ്)**

2. മില്ലുകൾ പ്രവർത്തിക്കാത്തതിനാൽ തേങ്ങ വ്യാപകമായി കെട്ടികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ തേങ്ങയുടെ വിലയിലും ഇടിവ് വന്നിട്ടുണ്ട്. ഇത് പരിശോധിച്ച് നിലപാട് എടുക്കണം. **(ചുമതല– ബന്ധപ്പെട്ട വകുപ്പ് )**
3. സംസ്ഥാനത്ത് മത്സ്യ പരിശോധന നന്നായി നടക്കുന്നുണ്ട്. പക്ഷേ പരിശോധന നടത്തി മാത്രമേ മത്സ്യം കേടായി എന്ന് ഉറപ്പിക്കാൻ പാടുള്ളു **(ചുമതല - ഭക്ഷ്യസിവിൽ സപ്ലൈസ് - തദ്ദേശ സ്വയംഭരണ വകുപ്പ്)**.
4. അതിഥി തൊഴിലാളികളുടെ പട്ടിക തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുക ളിൽ തിരക്കുണ്ട്. ഇവിടെ സാമൂഹ അകലം പാലിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
5. സൗജന്യ ഭക്ഷണം ഒരുക്കുന്ന ചില സ്ഥലങ്ങളിൽ വ്യാപകമായ തിരക്ക് അനുഭവ പ്പെടുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇത് മുടങ്ങിയ സാഹചര്യവും ഉണ്ടായി. ഇത് പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ- ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**.
6. കഞ്ചാവ് വിൽപ്പന കുടുന്നതായി കാണുന്നു. ഇതിനെതിരെ കർശന നടപടി സ്വീക രിക്കണം. **(ചുമതല - ആഭ്യന്തര- എക്സൈസ് വകുപ്പ്)**
7. ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ടു പോകുന്നതായി കാണുന്നുണ്ട്. ഇത് പരിശോധിക്കനം. **(ചുമതല - ധനകാര്യ വകുപ്പ്)**.
8. സംസ്ഥാന അതിർത്തികളിൽ താമസിക്കുന്നവർ അത്തരം സ്ഥലങ്ങളിൽ വച്ച് മര ണപ്പെട്ട ശേഷം മൃതദേഹം ആബുലൻസിൽ കേരളത്തിലേക്ക് കൊണ്ടുവരാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ മൃതദേഹം ആംബുലൻസിലേക്ക് മാറ്റുന്നത് ആളൊ ഴിഞ്ഞ സ്ഥലങ്ങളിലാകാൻ പ്രത്യേകം ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**.
9. കേരളത്തിലെ ചില ആശുപത്രികളെ അന്യസംസ്ഥാനങ്ങളിൽ ഉള്ളവരും ചികിത്സ യ്ക്കായി ആശ്രയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അവരുടെയെല്ലാം ചികി ത്സയ്ക്കും മുടക്കം വരുന്നുണ്ട്. ഇത് പരിശോധിച്ച് നിലപാടുകൾ എടുക്കണം **(ചുമതല -ആരോഗ്യ വകുപ്പ്)**.
10. ഹാർബറുകളിൽ നിന്ന് മത്സ്യം ശേഖരിച്ച് വിൽക്കുന്ന സ്ത്രീകൾക്ക് പാസ്സ് കിട്ടാ ത്തതായി കാണുന്നു. ഇത് പരിശോധിക്കണം.**(ചുമതല - ആഭ്യന്തര വകുപ്പ്)**.
11. ആറളം കൃഷി ഫാം ജിവനക്കാർക്ക് ആറുമാസമായി ശമ്പളം കിട്ടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കണം. **(ചുമതല - വനം-ധനകാര്യ വകുപ്പ്)**
12. റബ്ബർ ടാപ്പിംഗ് ഇപ്പോൾ നടക്കുന്നില്ല. എന്നാൽ ഈ സമയത്താണ് റബ്ബർ മരങ്ങ ളിൽ റെയിൻ ഗാർഡിംഗ് ചെയ്യേണ്ടത്. ഇതിനായി പോകുന്നവർക്ക് യാത്രാനുമതി നൽകാവുന്നതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**.
13. ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് തിരുവനന്തപുരം കോർപ്പറേഷൻ വിടുതൽ സർട്ടി ഫിക്കറ്റ് നൽകിയ മാതൃകയിൽ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതേ മാതൃകയിൽ നൽകാവുന്നതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**.

14. സർക്കസ് കലാകാരൻമാരേയും കലാകാരൻമാരുടെ പട്ടികയിൽപ്പെടുത്തി ധനസഹായം നൽകുന്നതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**.
15. തിരുവനന്തപുരത്ത് എസ് ഡി പി ഐ എന്ന സംഘടന ട്രിവാൻഡ്രം ലോക്ഡൗൺ റിലീഫ് എന്ന പേരിൽ തിരുവല്ലം എസ്.ഐ യ്ക്ക് ഭക്ഷണം കൈമാറിയതായി വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ കമ്മ്യൂണിറ്റി കിച്ചണുകളെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നേരത്തെതന്നെ പുറത്തിറക്കിയിരുന്നതാണ്. വ്യക്തികൾക്ക് ഈ കാര്യങ്ങളിൽ സഹായിക്കാം, എന്നാൽ സംഘടനകളെ ഇക്കാര്യങ്ങളിൽ ഇടപെടുത്തിക്കരുതെന്ന് മുമ്പെതന്നെ പറഞ്ഞിട്ടുള്ളതാണ്. ഇത്തരം ഇടപെടലുകൾ പോലീസുമായി അതിരുവിട്ട ബന്ധം ഉണ്ടാകാൻ കാരണമാകും. ഇത് പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**.
16. ഡയാലിസിസ് നടത്തുന്ന വൃക്കരോഗികൾ, അവയവം മാറ്റിവച്ച രോഗികൾ എന്നിവരുടെ പട്ടിക തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കണം. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**
17. തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ യോഗത്തിന്റെ മിനിറ്റ്സ് പ്രകാരമുള്ള താഴെ പറയുന്ന കാര്യങ്ങൾ നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
18. നഗരസഭ ശുചീകരണ തൊഴിലാളികൾക്ക് പാസ്സ് നൽകണം.
19. മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്തുവെന്ന് നഗരസഭ സെക്രട്ടറിമാർ ഉറപ്പുവരുത്തണം. മാത്രമല്ല, ആവശ്യത്തിന് തൊഴിലാളികൾ ഇല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് മാലിന്യ നിർമ്മാർജ്ജനം ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല തദ്ദേശസ്വയംഭരണം വകുപ്പ്)**
20. കോവിഡ് കേന്ദ്രങ്ങൾ, ഐസൊലേഷൻ ആശുപത്രികൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ട പ്രകാരം സംസ്കരിക്കേണ്ടതാണ്. അതിനുള്ള സൗകര്യങ്ങൾ നഗരസഭ ഒരുക്കേണ്ടതാണ്. **(ചുമതല തദ്ദേശസ്വയംഭരണം വകുപ്പ്)**
21. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഉച്ചയ്ക്ക് ശേഷം എച്ച് ബി, എസ് എ ജി, ടി എസ് എച്ച്, എച്ച് ഐ വി പരിശോധനകൾ ഉച്ചയ്ക്ക്ശേഷം നടത്താത്തതിനാൽ രോഗികൾക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് പരിശോധിക്കണം. **(ചുമതല - ഡി എം ഇ - ആരോഗ്യ വകുപ്പ്)**
22. ബുക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റി പെൻഷൻകാർക്ക് 4 മാസമായി പെൻഷൻ ലഭിക്കുന്നില്ല. ഇത് പരിശോധിക്കണം. **(ചുമതല - ധനകാര്യ വകുപ്പ്)**
23. 300 വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തിയ 117 ഇടങ്ങളിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് വിജിലൻസ് ശുപാർശ ചെയ്തിട്ടുണ്ട്. 36 റേഷൻ കടകൾ പരിശോധിച്ചതിൽ 8 ഇടങ്ങളിൽ അളവിൽ തൂക്കകുറവ് കണ്ടത്തിയിട്ടുണ്ട്. **(ചുമതല വിജിലൻസ്, ബന്ധപ്പെട്ട വകുപ്പുകൾ)**
24. ഫ്രിഡ്ജ് , മിക്സി , വാഷിംഗ് മെഷീൻ തുടങ്ങിയവയുടെ റിപ്പയറിങ്ങിനായി ആഴ്ചയിൽ ഒരു ദിവസം തീരുമാനിച്ച് അതിന്റെ കടകൾക്ക് തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
25. ആലപ്പുഴ ഹരിപ്പാട് ചെറുതന പഞ്ചായത്തിലെ 400 ഏക്കർ പാടത്ത് കൊയ്ത്ത് കഴിഞ്ഞെങ്കിലും സംഭരണം നടന്നിട്ടില്ല. ഇതിനുള്ള നടപടി സ്വീകരിക്കണം. **(ചുമതല - കൃഷി വകുപ്പ്)**
26. കൃഷിക്കായി വളം ചെയ്യേണ്ട സമയമാണ്. ഇതിനായി പ്രാദേശികമായ ഇടപെടൽ ഉണ്ടാകണം. **(ചുമതല - കൃഷി വകുപ്പ്)**

27. മലഞ്ചരക്ക് വ്യാപാരത്തിനുള്ള അനുമതി കുറച്ചുകൂടി കഴിഞ്ഞ് നൽകാവുന്നതാണ്. **(ചുമതല - വ്യവസായ വകുപ്പ്)**
28. സിമന്റ് കെട്ടികിടന്നാൽ പ്രശ്നം ഉണ്ടാകും. ഇത് എങ്ങനെ വിനിയോഗിക്കും എന്നതിൽ വ്യക്തത വരുത്തണം **(ചുമതല - വ്യവസായ വകുപ്പ്)**
29. ആദിവാസി മേഖലകളിൽ മദ്യം, കള്ളക്കടത്ത് എന്നിവയുടെ ഉപയോഗം കൂടുന്നതായി കാണുന്നു. ഇത് പരിശോധിക്കണം **(ചുമതല എസ് സി എസ് റ്റി - എക്സൈസ് വകുപ്പ്)**
30. സി എച്ച് സി അഗളി, കോട്ടത്തറ എന്നീ ആശുപത്രികളിൽ രോഗികൾ അഡ്മിറ്റ് ആയതായി കാണുന്നില്ല. ഇത് പരിശോധിക്കണം **(ചുമതല ആരോഗ്യ വകുപ്പ്)**
31. അനധികൃത മണൽ ഖനനം നടക്കുന്നുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ നടപടി എടുക്കണം **(ചുമതല റവന്യൂ വകുപ്പ്)**
32. നിസാമുദ്ദീൻ മർക്കസ് സന്ദർശിച്ച് കേരളത്തിൽ എത്തിയവർ നിരീക്ഷണത്തിലാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ് **(ചുമതല ആരോഗ്യ വകുപ്പ്)**
33. കോഴിക്കോട് ജില്ലയിൽ രോഗം സ്ഥിരീകരിച്ച ഒരാളുടെ കൂടെ അഞ്ചുപേർ കൂടി കയറ്റി ഒരുമിച്ച് ആശുപത്രികളിലേയക്ക് മാറ്റിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം. **(ചമുതല - ആരോഗ്യ വകുപ്പ്)**
34. കാസർഗോഡ് ജില്ലയിൽ കർണാടകം കടത്തിവിടാത്തതിനാൽ 12 പേർ മരണപ്പെട്ടിട്ടുണ്ട്. ഇത് ഗൗരവമായ പ്രശ്നമാണ്. ഇതിനു പരിഹാരം എന്ന നിലയിൽ എയർ ലിഫ്റ്റ് ചെയ്യുവാൻ സാധിക്കുമോ എന്ന് പരിശോധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
35. മിഠായി തെരുവിൽ സാധനങ്ങൾ വലിച്ചെറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തീ പിടിക്കാൻകാരണമാകും എന്നതിനാൽ ശ്രദ്ധക്കേണ്ടതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്)**
36. സ്വകാര്യ ആശുപത്രികളിൽ വൈദ്യുതി, വെള്ളക്കരം എന്നിവയ്ക്ക് ഇളവ് അനുവദിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
37. ബുക്ക് ഷോപ്പുകൾ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം തുറക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
38. ജല അതോറിറ്റി ജീവനക്കാർ പ്രശംസനീയമായ സേവനമാണ് നൽകുന്നത്.
39. വിവിധ സ്ഥാപനങ്ങൾ തൊഴിലാളി സംഘടനകളുമായി കരാറുകളിൽ ഏർപ്പെടുന്ന സമയമാണ്. ഇത് നീട്ടി വയ്ക്കും. മാത്രമല്ല റവന്യൂ റിക്കവറി നടപടികളും നീട്ടി വയ്ക്കേണ്ടതാണ്. **(ചുമതല -ബന്ധപ്പെട്ട വകുപ്പുകൾ)**
40. തുണികൊണ്ടുള്ള മാസ്കുകൾ പൊതുസമൂഹം ഉപയോഗിക്കേണ്ടതാണെന്ന് നമുക്ക് ആഹ്വാനം ചെയ്യാം. **(ചുമതല - പി ആർ ഡി വകുപ്പ്)**
41. വിദേശത്തു നിന്ന് മരുന്ന് ആവശ്യമുള്ളവർക്ക് കൊറിയർ അയക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റ് നോർക്ക നൽകേണ്ടതാണ്. **(ചുമതല - നോർക്ക)**
42. പി സി ആർ കിറ്റുകളുടെ കാര്യത്തിൽ നാം കുറച്ചുകൂടി ജാഗ്രത പുലർത്തേണ്ടതാണ്. ജെൻടെക് ബാംഗ്ളൂരിൽ നിന്ന് ഇത് ലഭിക്കുമോ എന്ന് പരിശോധിക്കേണ്ടതാണ്. **(ചുമതല - വ്യവസായ വകുപ്പ്)**

യോഗം 5.00 ന് അവസാനിച്ചു

10/4/20

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ